

# K.P.S.M.M.V.H.S.S VARODE




ഹെഡ് മാസ്റ്റർ

പ്രകാശ് വി

# വെളിച്ചം

# ആമുഖം

ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ വരോട് കെ.പി.എസ്.എം.എം ഹയർ സെക്കന്ററി സ്കൂൾ യൂണിറ്റിന്റെ ഒരു എളിയ ശ്രമമാണ് ഈ ഡിജിറ്റൽ മാഗസിൻ. അംഗങ്ങൾ ശേഖരിച്ചതും സ്വയം തയ്യാറാക്കിയതുമായ രചനകളും ചിത്രങ്ങളുമാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ പുതുതലമുറയെ പ്രാപ്തമാക്കുവാൻ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങള് സഹായകമാകുമെന്നതിന്റെ തെളിവുകൂടിയാണ് ഈ മാഗസിൻ. ഇനിയും കൂടുതൽ പ്രവർത്തനങ്ങള് ഏറ്റെടുക്കുവാനും വായനയുടെയും രചനകളുടെയും ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർതിതുവാനും ഇത്തരം പ്രവര്ത്തനങ്ങള് സഹായകമാകട്ടെ.

# ഉള്ളടക്കം


(1) കഥകൾ

(2) കവിതകൾ

(3) ചിത്രങ്ങൾ

(4) രചനകൾ




# അമ്മ

മിണ്ടാൻ തുടങ്ങുമ്പോൾ
ഞാൻ ചൊല്ലാൻ ശ്രമിച്ചത്
പുണ്യമായ ആ വാക്കുതന്നെ
ഈ ലോകത്തിൻ വിസ്മയ
ത്തുമ്പിലേക്ക് എന്നെ
വളർത്തിയ എൻ ഭാഗ്യത്തിൻ
പേരുതന്നെ
എന്റെ എല്ലാം അമ്മയല്ലയോ
തായേ......
എന്നിൽ സ്നേഹം നിറച്ചതും
അമ്മ തന്നെയല്ലോ,ജനനീ......
പേരിൽ വൈവിദ്യം കാണുമാറുണ്ടെങ്കിൽ
ഈ ലോകം അമ്മ തന്നെ
എന്റെ ദൈവവും അമ്മ തന്നെ
മാതാ പിതാ ഗുരു ദൈവം
എന്നു പഠിപ്പിച്ചതും അമ്മ തന്നെ

ആദായമായ് എന്നെ പഠിപ്പിച്ച എന്റെ
ഗുരുനാഥയായ് മാറിയതും അമ്മതന്നെ
ആരോടുചൊല്ലും എന്റെ മഹത്ത്വം?
എങ്ങനെ ചൊല്ലും നിന്റെ മഹത്ത്വം?
എന്തെല്ലാം ചൊല്ലും നിന്റെ മഹത്ത്വം?
പറയുവാൻ വാക്കുകൾ കിട്ടാതെ ഞാൻ
വീർപ്പു മുട്ടുന്നു നിൻ മുൻപിൽ
എൻ ആവശ്യങ്ങൾ നിറവേറ്റുന്ന
മഹാചൈതന്യമേ
ഞാൻ അമ്മയെ നമിക്കുന്നു.

.................................

# THE FAIRYLAND

It is always spring time in the fairyland. The trees and creepers are in full blue with plenty of fruits too. Vines laden with grapes climb up the mango trees. There are streams of crystal clean water, filled with lotuses and lilies. The



birds sing all day long and all through night in this celestial country. There are no crows or ravens r vultures in that sylvan forest, but only cuckoos and parrots peacocks spread their feathers in sprightly dance. The fairies themselves are good singers. they sing and dance. Then they eat fruits and drink honey

and sleep off in the shade. the fairies have never known what grief is. When they get fed up with dancing singing occasionally a few of them pay a visit to the earth. Only when they see the earth filled with people full off misery, they realise the real splendour of their own land. How far better they are than the people on the earth: A fairy never cries. Once the cries, her wings get snapped of so the fairies kept on singing, dancing and making marry for ever. Nice fruits to eat; pure water to drink; fine friends to sing and play with. Then why should they cry?

there came a time when a group of fairies was getting ready to visit the earth. A little fairy with deep blue eyes, red-red cheeks and fine soft wings like silver clouds come to know about it. She longed to go to that strange, unknown wonder land. She requested the elder ones: "wont you take me too to that

wonderful world of brooks hills and humans? My wings have never seen any place other than this fairyland."

The elder fairies laughed at her: "Even your mother is not old enough to visit the earth. It is a vale of sins. There is nothing but suffering and sorrow over there. When you seen all that, you will cry; and if you cry you lose your wings. It is a shame on as if a precious child of the fairyland like you, are to suffer to death as a wretched human vermin.

*The end*

by

*Riswan,Akmal*

*little kite students*

# Studying

A magpie, belonging to a barber at Rome, could imitate to a nicety almost every word it heard some trumpets happened one day to be sounded before the shop, and for a day or to afterwards the magpie was quite mute, and seemed pensive and melancholic. All who knew it where greatly surprised at its silence and it was supposed that the sound of the trumpets had so stunned, it that it had deprived it of both voice and hearing. It soon appeared, how



ever, that this was far from being the case; for the bird had been all the time occupied in profound meditation,

studying how to imitate the sound of the trumpets;

and when at last it mastered it, the magpie, to the astonishment of all itself suddenly Brock its long silence, by a perfect imitation of the flourish of trumpets it had heard; observing with the greatest exactness all the repetitions, stops, and changes. The acquisition of this lesson had, however exhausted the whole magpies intellect; for it made it forget everything it had learned before.

Written by

Anas

Akmal

Riswan

little kite

# Long; lost found again

A female elephant belonging to a clacutta gentleman broke loose from her keeper, and was lost in the woods. The excuses which the keeper made were not admitted. It was suppose that he had sold the elephant. his wife and family therefore where sold as slaves and he was him self condemned to work on the roads. About twelve years after, this man was ordered into the country to assist in catching wild elephant. The



keeper fancied he saw his long-lost elephant in a

group that was before them. He was determined to go up to it; nor could the strongest representation of danger dissuade him from his purpose. When he approached the creature, she knew him, and giving him three salutes,by waving her trunk air, knelt down and received him on her back she afterwards assisted in securing the other elephants, and like wise brought her three young ones the keeper recovered his honor; and, as a recompense for his suffering and intrepidity, was given an annuity for life. The elephant later came into the possession of governor hasting

THE END

WRITTEN BY

Anas

Akmal

Riswan

Little kite

# <u>കാളകൾ</u>

തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും, സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവനും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ  പടർ
ന്നിട്ടുണ്ടവന്നും
കരൾ
ക്കാമ്പിൽ.
ഒട്ടേറെക്കാലം



മുമ്പിലച്ചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെ,ങ്ങറിയാതെ മൃത്യുവിൻ ഭയാനക-
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജീവിതം കയറ്റിയൊരുൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!
ഗ്രാമവീഥിയിൽ, നേരം വെളുക്കെ,ക്കുടം പേറി,

ത്താമരക്കുളം നോക്കികന്യമാർ ഗമിക്കുമ്പോൾ,
പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശ്രുദ്ധമാം
നെഞ്ചുകൾ സംഗീതമായ്ചുറ്റിലും ചുറ്റീടുമ്പോൾ,
ഉച്ചയ്ക്കു വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ്
സ്വച്ഛനിദ്രയിൽ മുഷിപ്പഥികർ ശയിക്കുമ്പോൾ;
ചാഞ്ഞിടും കരിക്കൊടി വള്ളിയിലൂഞ്ഞാലാടി–
ക്കാഞ്ഞിരമരത്തോപ്പിൽ തത്തകൾ ചിലയ്ക്കുമ്പോൾ,
അന്തിയിൽ, വിഷക്കാവിൽ, വെളിച്ചമകറ്റുവാൻ
ദുർമന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ,
അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ–
യലറും തെണ്ടിപ്പട്ടി'യോളി'യാൽ നിറയ്ക്കുമ്പോൾ
കണ്ടിടാറുണ്ടു ഞാനാക്കിഴവൻ വണ്ടിക്കാരൻ
വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങു ചരിപ്പതായ്.
മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും; വണ്ടി–
ത്തണ്ടിന്റെ ദയാർഹമാം ഞരക്കം മാത്രം കേൾക്കാം.
കാളകൾ ചരിക്കുന്നു മന്ദമായ്; 'തെളിക്കുന്ന
കാള'യും ചലിക്കുന്നതാവിധമെന്നും തന്നെ!
ഒട്ടേറെയപൂർവമായ് കേട്ടീടാം വണ്ടിക്കാരൻ–
ചാട്ടവാറുലയ്ക്കവേ മൂളുന്ന പാട്ടൊന്നേവം:
"നാടകമേ.....യുലകം;നാളെ, നടപ്പതേ–
യാരറിവാർ – ഒരു നാടകമേ.....യുലകം!"
ഒരുനാൾ ഗ്രാമവീഥി തന്നിലായ് കണ്ടു ഞാനെൻ
കരളു നടുങ്ങവേയിമ്മട്ടാമൊരു രംഗം.
നാലുപേർ–അല്ല–നാലു കാളകൾ–പഴന്തുണി
മൂടിയ മരക്കട്ടിൽ പേറി മുന്നേറീടുന്നു!
കട്ടിലിൽ – ന്തുണിക്കുള്ളിൽക്കിടപ്പൂ തൻ ചൈതന്യം
വറ്റിയ വണ്ടിക്കാള – പഴയ വണ്ടിക്കാരൻ!
കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ,

വിണ്ണിലായ് വിഷാദത്തിൻ വിലാപംപടർന്നീലാ.
തോളത്തു ഘനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു.

# നീറിപ്പുകയുന്ന കനൽ

അമ്മയാണീ ദൈവം
എൻ പോറ്റമ്മയാണീ ദൈവം
മേഘത്തിൻ കൂട്ടത്തിൽ വാരിവിതറുന്ന
ചെല്ലക്കിളിയാണെന്നമ്മ
നൊന്തുപ്രസവിച്ചു......
മുത്തങ്ങൾ മുത്തീ
വാരിപ്പുളർ
ന്നെന്റെയമ്മ


shutterstock.com • 1047966433

നിറവർണ്ണങ്ങൾ
കോരിച്ചൊരിയുന്ന
പൂന്തിങ്കളാണെന്നമ്മ
ഇന്നെന്റെയമ്മ എവിടെയാ,എവിടെയാ
ഇരുൾക്കൂട്ടിലായോ ഇന്നെന്റെയമ്മ
ആറടിമണ്ണിൽ ഉറങ്ങുന്നെന്നമ്മ
എന്നെ തിരയുന്നില്ലേ
എന്നമ്മ എന്നെ തിരയുന്നില്ലേ...

# നദി

ഞാൻ ഒരു നദിയായിരുന്നു
മനോഹരമായ നദി
ശാന്തതയോടെ ഒഴുകും നദി
ശാന്തതയോടെ
ഒഴുകും നദി
ഈ നാടിൻ ഭാഗ്യം
തന്നെ
എന്റെ ജനങ്ങൾ
ക്ക് ഒരു



പുണ്യം തന്നെ
എന്നെ ഇഷ്ടപ്പെടും ജനങ്ങളെ
എനിക്കും ഏറെ ഇഷ്ടം തന്നെ
എങ്കിലും,
എന്നെ ഇന്ന് ആർക്കും വേണ്ട
എന്നെയിന്ന് ആർക്കും ഓർമ്മയുമില്ല
എന്റെ ജനങ്ങൾ എന്നെ വെറുത്തു
ശാന്തത പോയി ദേഷ്യം വന്നു
ഞാൻ എന്നെ തന്നെ മറന്നുപോയി

കീടനാശിനികളും ചപ്പുംചവറുകളും
എന്നിലുണ്ട് ഇന്ന് വേണ്ടുവോളം
ഫാക്ടറി മാലിന്യങ്ങളും കുമിഞ്ഞുകൂടി
ഈനാട്ടിലെ ജനങ്ങൾക്കിന്നെന്തുപറ്റി

ഞാനൊന്നുപൊട്ടിക്കരഞ്ഞപ്പോൾ
അവർ എൻ മുന്നിൽ പകച്ചുപോയി
ഞാൻ ആഗ്രഹിച്ചപോൽ എനിക്ക്
എന്റെ പഴയ ജീവിതം കിട്ടി.

...................................

## <u>എന്റെ അമ്മ</u>

ആദ്യാക്ഷരം എൻചുണ്ടിൽച്ചൊല്ലി
എന്റെ അമ്മ
എൻ കുസൃതികളും അറിവില്ലായ്മയും
പൊറുത്ത എന്റെ അമ്മ

മധുരം നുകരും തേൻവണ്ടുപോൽ
മധുരം എൻ നാവിൽചാർത്തിയ എന്നമ്മ

സ്നേഹത്തിന്റെയും നന്മയുടെയും
പ്രതീകമായൊരു അമ്മ

എന്റെ അമ്മയാണെന്റെ ഗുരുനാഥൻ
എന്റെ ലക്ഷ്യങ്ങളോരോന്നും
നിറവേറ്റാനെന്നെ സഹായിച്ച
എന്റെ പ്രിയയാണെന്നമ്മ

………………………………………

## <u>എന്റെ ഗുരുനാഥൻ</u>

അക്ഷരത്തിളക്കം എന്തെന്നു
പറഞ്ഞുതന്ന എന്റെ ഗുരുനാഥൻ
അറിവിന്റെ വിസ്മയലോകത്തിലേക്ക്
എന്നെ നയിച്ച എന്റെ ഗുരുനാഥൻ
അറിവിന്റെ ഉയരങ്ങളിലേക്ക് എന്നെ
എത്തിച്ച എന്റെ പ്രിയ ഗുരുനാഥൻ.

……………………………………



# പ്രവർത്തിച്ച ടീച്ചർമാർ

ഗീത ടീച്ചർ ശോഭ ടീച്ചർ

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

| | | |
|---|---|---|
| നീരജ് | ശ്രീശാന്ത് | ഷബാന |
| അക്മൽ | ആദർശ് | രജീഷ് |
| റിസ്വാൻ | സുദർശൻ | നിഹാൽ |
| രേണുക | ഷിബിൽ | കാജ നാസിഹ് |
| സഞ്ചൻ | അനഘ | വിഷ്ണു.എം.കെ |
| സച്ചിൻ | അനശ്വര | |
| വിഷ്ണു | ഷെഹസാദ് അലി | |
| സഹദ് | നിജിഷ | |
| ആയിഷ ബീവി | നജീമ | |

# ............നന്ദി...............